സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

**തിരുവിതാംകൂർ ദേവസ്വം ബോർഡ് - ജീവനക്കാര്യം - മരാമത്ത് വിഭാഗം - ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം - ഡിവിഷണൽ അക്കൗണ്ട്സ് ആഫീസർ തസ്തികയിലെ സ്ഥലംമാറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

ഉത്തരവ് നമ്പർ: **ROC No. 5817/22/Est-1** നന്തൻകോട് **31/03/2022**

---

പരാമർശം ഃ- 1) 30-12-2021 ൽ ചേർന്ന തിരുവിതാംകൂർ ദേവസ്വം ബോർഡ് വകുപ്പുതല പ്രൊമോഷൻ കമ്മിറ്റിയുടെ മിനിറ്റ്സ്.
2) 29-01-2022 ലെ ROC 245/09/Est-1 (ii) നമ്പർ ബോർഡുത്തരവ്.
3) ചീഫ് എഞ്ചിനീയർ (ജനറൽ) ടെ 10-02-2022 ലെ CE(G)/Estt-I/C-01/2022 നമ്പർ റിപ്പോർട്ട്.

# ഉത്തരവ്

മരാമത്ത് വിഭാഗം ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ ജോലി നോക്കിയിരുന്ന ശ്രീമതി. എൽ. വത്സലകുമാരി 31-10-2021 ൽ സർവ്വീസിൽ നിന്നും വിരമിച്ച ഒഴിവിൽ ഡിവിഷണൽ അക്കൗണ്ട്സ് ആഫീസർ തസ്തികയിലെ ഉദ്യോഗസ്ഥരുടെ സെലക്ട് ലിസ്റ്റിൽ നിന്നും സ്ഥാനക്കയറ്റം അനുവദിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന് ചീഫ് എഞ്ചിനീയർ (ജനറൽ) നെ ചുമതലപ്പെടുത്തി ബോർഡുത്തരവായി (പരാമർശം -2).

ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്ക് അനുവദിക്കേണ്ട സ്ഥാനക്കയറ്റം സംബന്ധിച്ചും അതോടനുബന്ധിച്ച് ഡിവിഷണൽ അക്കൗണ്ട്സ് ആഫീസർ തസ്തികയിൽ വരുത്തേണ്ട സ്ഥലംമാറ്റം സംബന്ധിച്ചും ചീഫ് എഞ്ചിനീയർ (ജനറൽ) ടെ പ്രൊപ്പോസൽ ലഭിച്ചു (പരാമർശം -3).

ആയത് പരിശോധിച്ച് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കും പ്രകാരം ബോർഡുത്തരവാകുന്നു.

....2

**I. <u>സ്ഥാനക്കയറ്റം - ഫിനാൻഷ്യൽ അസിസ്റ്റന്റ് (ശമ്പളസ്കെയിൽ 42500-87000)</u>**

(i) മരാമത്തിലെ മിനിസ്റ്റീരിയൽ വിഭാഗത്തിൽപ്പെട്ട ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തിക നിലവിൽ ചീഫ് എഞ്ചിനീയർ ആഫീസിലാണ് പ്രവർത്തിച്ചു വരുന്നത്. സാമ്പത്തിക കാര്യങ്ങളുമായി ബന്ധപ്പെട്ട ചുമതലകളാണ് ദേവസ്വം മാനുവലിൽ ടി തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ളത്. പ്രസ്തുത തസ്തികയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി ബോർഡിലെ ഫിനാൻസ് ഡിപ്പാർട്ട്മെന്റായി പ്രവൃത്തിക്കുന്ന ഫിനാൻസ് കമ്മീഷണർ ആഫീസിലേക്ക് ടി തസ്തിക മാറ്റുന്നത് ഉചിതമാണെന്ന് ബോർഡ് വിലയിരുത്തി. ആകയാൽ ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തിക ചീഫ് എഞ്ചിനീയർ ആഫീസിൽ നിന്നും ഫിനാൻസ് കമ്മീഷണർ ആഫീസിലേക്ക് 01-04-2022 പ്രാബല്യത്തിൽ ഷിഫ്റ്റ് ചെയ്യുന്നു.

(ii) ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട ഡിവിഷണൽ അക്കൗണ്ട്സ് ആഫീസർ തസ്തികയിലെ സീനിയർ മോസ്റ്റ് ഉദ്യോഗസ്ഥയായ തിരുവനന്തപുരം എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസിലെ ഡിവിഷണൽ അക്കൗണ്ടസ് ആഫീസർ ശ്രീമതി. എൽ.എസ്. സന്ധ്യയെ ഫിനാൻഷ്യൽ അസിസ്റ്റന്റ് കേഡറിൽ 42500-87000 രൂപ ശമ്പള സ്കെയിലിൽ 01-04-2022 പ്രാബല്യത്തിൽ സ്ഥാനക്കയറ്റം നൽകി ഫിനാൻസ് കമ്മീഷണർ ആഫീസിലെ ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ നിയമിക്കുന്നു.

(iii) ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തിക ഫിനാൻസ് കമ്മീഷണർ ആഫീസിലേക്ക് ഷിഫ്റ്റ് ചെയ്യുന്ന സാഹചര്യത്തിൽ ടി തസ്തികയുടെ നിലവിലെ ചുമതലകൾ പരിശോധിച്ച് അവ പരിഷ്ക്കരിച്ചുള്ള പ്രൊപ്പോസൽ അടിയന്തിരമായി ലഭ്യമാക്കുന്നതിന് ഫിനാൻസ് കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.

....3

## II. സ്ഥലംമാറ്റം - ഡിവിഷണൽ അക്കൗണ്ട്സ് ആഫീസർ

ഡിവിഷണൽ അക്കൗണ്ട്സ് ആഫീസർ തസ്തികയിൽ ജോലി നോക്കുന്ന ഉദ്യോഗസ്ഥരെ 01-04-2022 പ്രാബല്യത്തിൽ ചുവടെ വിവരിക്കും പ്രകാരം സ്ഥലംമാറ്റി നിയമിക്കുന്നു. കൂടാതെ ദേവസ്വം അക്കൗണ്ട്സ് ആഫീസിൽ നിലവിലുള്ള ഡിവിഷണൽ അക്കൗണ്ട്സ് ആഫീസർ തസ്തിക ചീഫ് എഞ്ചിനീയർ ആഫീസിലേക്ക് 01-04-2022 പ്രാബല്യത്തിൽ ഷിഫ്റ്റ് ചെയ്യുന്നു.

| ക്രമ നം | പേര്, നിലവിൽ ജോലി നോക്കുന്ന തസ്തിക, ആഫീസ് | സ്ഥലംമാറ്റി നിയമിക്കുന്ന തസ്തിക, ആഫീസ് | റിമാർക്ക്സ് |
|---|---|---|---|
| 1 | ശ്രീമതി.കെ.എസ്.കൃഷ്ണപ്രിയ, ഡിവിഷണൽ അക്കൗണ്ട്സ് ആഫീസർ, ചീഫ് എഞ്ചിനീയർ (ജനറൽ) ആഫീസ് | ഡിവിഷണൽ അക്കൗണ്ട്സ് ആഫീസർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസ്, തിരുവനന്തപുരം | -- |
| 2 | ശ്രീമതി. പാർവ്വതി.ഡി. നമ്പൂതിരി, ഡിവിഷണൽ അക്കൗണ്ട്സ് ആഫീസർ, ദേവസ്വം അക്കൗണ്ട്സ് ആഫീസ് | ഡിവിഷണൽ അക്കൗണ്ട്സ് ആഫീസർ, എസ്റ്റേറ്റ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസ് | ടിയാൾ ചീഫ് എഞ്ചിനീയർ ആഫീസിലെ ഡിവിഷണൽ അക്കൗണ്ട്സ് ആഫീസറുടെ അധിക ചുമതലകൂടി നിർവ്വഹിക്കേണ്ടതാണ്. |

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

സെക്രട്ടറി

അസിസ്റ്റന്റ് സെക്രട്ടറി, 'സി' സെക്ഷൻ
(ഇൻ അഡീഷണൽ ചാർജ്ജ്)

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. The Incumbents
3. ഇ.ഡി.പി. സെക്ഷൻ
4. സെക്ഷൻ ഫയൽ
5. ഫയൽ ബുക്ക്
6. ഫെയർ ആഫീസ് കോപ്പി.

SK